11

# സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ

## (4:1 - 7)

പിശാച് ജീവനോടെ ഇരുന്നു ഭൂഗോളത്തിൽ നന്നായി പ്രവ ർത്തിക്കുന്നു.[1] "നിങ്ങളുടെ പ്രതിയോഗിയായ, പിശാച്, അലറുന്ന സിം ഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു" (1 പത്രൊസ് 5:8).

പിശാചിനെയും അവന്റെ ഉദ്ദേശത്തെയും സ്പഷ്ടമായി വെളിപ്പാട് 12-ൽ ചിത്രീകരിച്ചിട്ടുണ്ട്. ആ അദ്ധ്യായം ആരംഭിക്കുന്നതു പ്രസവിക്കാറായ ഒരു സ്ത്രീയുടേയും ഒരു മഹാ സർപ്പത്തിന്റെയും രംഗത്തോടെയാണ്. സ്ത്രീ പ്രസവിക്കുന്ന ഉടനെ കുട്ടിയെ വിഴുങ്ങുവാൻ പതുങ്ങിയിരിക്കുന്നു. മഹാസർപ്പം പിശാചാണെന്നു തിരിച്ചറിഞ്ഞിരിക്കുന്നു വാക്യം 9; ശിശു ക്രിസ്തുവാകുന്നു.[2] മറ്റൊരു വിധത്തിൽ പറഞ്ഞാൽ, യേശുവിനെ ജനനം മുതൽ - നശിപ്പിക്കുക എന്നതായിരുന്നു പിശാചിന്റെ ഉദ്ദേശം. സാത്താന്റെ നിഷ്ഫലമായ ശ്രമത്തെ സുവിശേഷ വിവരണങ്ങൾ പറയുന്നുണ്ട് - ഹെരോദാവിന്റെ ശിശുക്കളെ കൊല്ലുന്നതു മുതൽ ക്രൂശ് വരെ ആശ്രമം തുടരുന്നുണ്ട്. എങ്കിലും, യേശുവിനെ നശിപ്പിക്കുന്നതിൽ പിശാച് പരാജയപ്പെട്ടിരുന്നു. വെളിപ്പാട് 12:5 പറയുന്നു, "കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും എടുക്കപ്പെട്ടു" - അതു യേശുവിന്റെ സ്വർഗ്ഗാരോഹണത്തപ്പറ്റി പറയുന്നു. മഹാസർപ്പം കുട്ടിയെ പിൻപറ്റുവാൻ ശ്രമിച്ചുവെങ്കിലും സാത്താനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു. അപ്പോൾ അവന്റെ കോപം സ്ത്രീയുടെ നേർക്കു ആയി, പക്ഷെ ദൈവം അവളെ സംരക്ഷിച്ചു. "മഹാസർപ്പം സ്ത്രീയോടു ദൈവകല്പന പ്രമാണിക്കുന്നവരും, യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്യാൻ പുറപ്പെട്ടു, അവൻ കടൽപ്പുറത്തെ മണലിന്മേൽ നിന്നു" (വെളിപ്പാട് 12:17). "ദൈവകല്പന പ്രമാണിക്കുന്ന

വരും യേശുവിന്റെ സാക്ഷ്യം ഉള്ളവരും" *ക്രിസ്ത്യാനികളാണ്!* യേശുവിനെ നശിപ്പിക്കുവാൻ പിശാചിനു കഴിയാതിരുന്നതുകൊണ്ട് *നിങ്ങളേയും എന്നേയും* നശിപ്പിക്കുന്നതിൽ കുറച്ചൊന്നും അവൻ ആഗ്രഹിക്കുന്നില്ല!

സാത്താൻ സഭയെ ഉപദ്രവിക്കാൻ തുടങ്ങുന്നതിനെക്കുറിച്ചുള്ളതാണ് ഈ പാഠം.[3] ശൈശവസഭ സമാധാനവും ശാന്തിയും അനുഭവിച്ചിരുന്നു, എന്നാൽ അതു "കൊടുങ്കാറ്റിനുമുൻപുണ്ടായ ശാന്തതയായിരുന്നു." ദൈവജനത്തെ വളരെ നാളുകൾ സമാധാനമായിരിപ്പാൻ പിശാച് വിടുകയില്ല.

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, പ്രവൃത്തി 3 ന്റെ പഠനം നാം തീർക്കുകയുണ്ടായി. പത്രൊസും യോഹന്നാനും ദൈവാലയത്തിൽ വെച്ചു മുടന്തനെ സൗഖ്യമാക്കി. ആവേശകരമായ പുരുഷാരം കൂടിയപ്പോൾ, പത്രൊസ് അവരോടു സുവിശേഷം പ്രസംഗിച്ചു. പെട്ടെന്ന്, അവന്റെ പ്രസംഗം നിർത്തേണ്ടി വന്നു. അങ്ങനെ ക്രിസ്ത്യാനികൾക്കെതിരായ ആദ്യത്തെ ഉപദ്രവം ആരംഭിക്കയാണ്. ഈ പാഠത്തിലും അടുത്തതിലും ഈ രണ്ടു അപ്പൊസ്തലന്മാർ എങ്ങനെ അതിനെ പ്രതികരിച്ചു എന്നു നമുക്കു കാണാം, അപ്പോൾ "പിശാച് നമുക്കു പ്രയാ സം വരുത്തുമ്പോൾ" നാം എങ്ങനെ അതിനെ നേരിടണം എന്നറിയാൻ കഴിയും.

**അതിശയിക്കരുത് (4:1-3)**

പൗലോസ് പറഞ്ഞു, "എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസുള്ള *വർക്കു* എല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊഥെയൊസ് 3:12; എംഫസിസ്മൈൻ). പത്രൊസ് പറഞ്ഞു, "പ്രിയമുള്ളവരേ നിങ്ങൾക്കു പരീക്ഷക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ... ഒരു അപൂർവ്വ കാര്യം നിങ്ങൾക്കു വന്നുകൂടി എന്നു വെച്ചു അതിശയിച്ചു പോകരുത്" (1 പത്രൊസ് 4:12). ഉപദ്രവം വരുമ്പോൾ നാം അതിശയിക്കരുത്.

യേശു തന്റെ ശിഷ്യന്മാരെ മുന്നറിയിച്ചിരുന്നു, "എന്റെ നാമം നിമിത്തം[4] ... അവർ നിങ്ങളുടെ മേൽ കൈവെച്ചു, രാജാക്കന്മാരുടേയും നാടുവാഴികളുടേയും മുമ്പിൽ കൊണ്ടുപോയി ഉപദ്രവിക്കയും പള്ളികളിലും തടവുകളിലും, ... എല്പിക്കയും ചെയ്യും. എന്റെ നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും" (ലൂക്കോസ് 21:12, 17).[5] ഉപദ്രവം *വരുമോ* എന്നല്ല ചോദ്യം; *അതെപ്പോൾ* വരുമെന്നാണ് ചോദിക്കേണ്ടത്. പത്രൊസും യോഹന്നാനും ആ പ്രസംഗം തടസപ്പെടുത്തിയപ്പോൾ അതിന്റെ ഉത്തരം നല്കുന്നുണ്ട്:

> അവർ ജനത്തോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ,തന്നേ പുരോഹിതന്മാരും ദൈവാലയത്തിലെ പടനായകനും, സദൂക്യരും, അവരുടെ നേരെ വന്നു,ജനത്തെ ഉപദേശിക്കയാലും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തെ യേശുവിന്റെ ദൃഷ്ടാന്തത്താൽ അറിയിക്കയാലും നീരസപ്പെട്ടു. അവരെ പിടിച്ചു വൈകുന്നേരം, ആക കൊണ്ട് പിറ്റെന്നാൾ വരെ, തടവിലാക്കി (വാക്യം 1-3).

അപ്പൊസ്തലന്മാരെ തടവിലാക്കിയതു യെരുശലേമിലെ മത, രാഷ്ട്രീയ, സാമൂഹ്യ അദ്ധ്യക്ഷന്മാരായിരുന്നു. പട്ടണത്തിന്റെ ശക്തി കേന്ദ്രത്തെയാണ് അവർ പ്രതിനിധീകരിച്ചത്!

"പുരോഹിതർ" ഒരുപക്ഷേ "*മഹാ*പുരോഹിതന്മാർ" ആയിരുന്നേക്കാം (വാക്യം 23; എംഫസിസ്മൈൻ),[6] "എല്ലാം [പുരോഹിതന്മാർ] പ്രതിനിധീകരിച്ച മഹാപുരോഹിതസംഘമായിരുന്നു ഉണ്ടായിരുന്നത്" (വാക്യം 6), കൂടാതെ ദൈവാലയ കർമ്മങ്ങൾ ചെയ്തിരുന്ന പുരോഹിതന്മാരും ഉണ്ടായിരുന്നു.[7] "ദൈവാലയത്തിലെ പടനായകനാണ്" ദൈവാലയത്തെ കാക്കേണ്ടത്;[8] അവൻ മഹാപുരോഹിതന്റെ കീഴുദ്യോഗസ്ഥനായിരുന്നു. ദൈവാലയത്തെയും പാലസ്തീനെയും നിയന്ത്രിക്കത്തക്ക ശക്തിയുള്ള ഒരു ചെറിയ കൂട്ടം ആളുകളുണ്ടായിരുന്നു "സദൂക്യർ."[9] മഹാപുരോഹിതൻ സദൂക്യനായിരുന്നു; ന്യായാധിപസംഘത്തിൽ അധികവും സദൂക്യരായിരുന്നു (5:17). റോമാഭരണത്തോടു സഹകരിച്ചിരുന്നതുകൊണ്ട്, സദൂക്യർ ശക്തരായ ഒരു രാഷ്ട്രീയ സംഘം തന്നെയായിരുന്നു. പിശാച് സഭയെ ഉപദ്രവിക്കാൻ തുടങ്ങിയപ്പോൾ, അവൻ പെട്ടെന്ന് "ആദ്യത്തെ ടീമിനെ അയച്ചു."

ഉപദ്രവം "ടൗണിലെ ഏറ്റവും നല്ല ആളുകളിൽ നിന്നാകാം," മതാദ്ധ്യക്ഷന്മാരിൽ നിന്നാകാം, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളിൽ നിന്നാകാം (2 കൊരിന്ത്യർ 11:26)! പിശാചിന്നു ആരെ വേണമെങ്കി ലും ഉപയോഗിക്കാൻ കഴിയും (മത്തായി 16:23).

നമ്മെ ഉപദ്രവിക്കുന്ന കാരണത്തിൽ നാം അതിശയിക്കേണ്ട. ദൈവത്തിന്റെയോ മനുഷ്യരുടേയോ ഏതു നിയമമാണ് പത്രൊസും യോഹന്നാനും ലംഘിച്ചത്? ഒന്നുമില്ല. അവർ വെറുതെ ഒരു മനുഷ്യ നെ സൗഖ്യമാക്കി ഒരു പ്രസംഗവും നടത്തി. എങ്കിലും, അവർ അന്നു ശക്തി ഘടനക്കു ഒരുഭീഷണി ഉണർത്തി.[10] അപ്പൊസ്തലന്മാരുടെ ശുശ്രൂഷയിലെ മൂന്നു ഘടകങ്ങൾ ബലശാലികളെ അലോസരപ്പെടു ത്തി:

(1) പത്രൊസും യോഹന്നാനും "ജനങ്ങളെ ഉപദേശിച്ച" *വസ്തുത* അവർക്കിഷ്ടപ്പെട്ടില്ല; അതിനുള്ള അവകാശം തങ്ങളിൽ മാത്രം അവർ നിലനിർത്തിയിരുന്നു. അതിലുപരി, പത്രൊസും യോഹന്നാനും പഠിപ്പിക്കുന്നത് അവരിഷ്ടപ്പെട്ടില്ല; അവർ പഠിപ്പിച്ച കാര്യങ്ങളിൽ, യെഹൂദന്മാർ ആയിരുന്നു മശിഹയെ കൊന്നതു എന്നതും അവരെ ചൊടിപ്പിച്ചു (3:14, 15)!

(2) പത്രൊസും യോഹന്നാനും "യേശുവിനെയാണ് ... പ്രസംഗിച്ചത്" റോമാക്കാർക്കു യേശുവിനെ ക്രൂശിൽ, തറെക്കുവാൻ ഏല്പിച്ചപ്പോൾ ആ കുഴപ്പക്കാരന്റെ ശല്യം തീർന്നു എന്നാണ് അവർ കരുതിയത്, പക്ഷെ ഇപ്പോൾ അവൻ ജീവിച്ചിരുന്ന സമയത്തുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ശിഷ്യന്മാർ യേശുവിനുണ്ടായിരിക്കുന്നു!

(3) പത്രൊസും യോഹന്നാനും ഉപദേശിച്ചതു "യേശുവിൽ മരിച്ചവർക്കു ഉയിർത്തെഴുന്നേല്പ് ഉണ്ട് എന്നായിരുന്നു." യേശു മരിച്ചവരിൽ നിന്നുയിർത്തെഴുന്നേറ്റു എന്നു മാത്രമല്ല അവർ പ്രസംഗിച്ചത്, യേശു മുഖാന്തരം മറ്റുള്ളവരും മരിച്ചവരിൽ നിന്നു, ഉയിർത്തെഴുന്നേല്ക്കും എന്നും അവർ പ്രസംഗിച്ചു![11] ചില വിഷയങ്ങൾ സദൂക്യരെ

കൂടുതൽ ഇളക്കി മറിച്ചു![12] അവർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നില്ല; അസാധാരണമായ രീതിയിൽ അവർ വിശ്വസിച്ചില്ല. (അവർ നാം ചർച്ച ചെയ്തിരുന്ന പിശാചിനേയും വിശ്വസിച്ചിരുന്നില്ല!) ഒരുപക്ഷെ പത്രൊസും യോഹന്നാനും നിയമം ഒന്നും ലംഘിച്ചിരിക്കയില്ല, ഒരു പക്ഷേ അവരുടെ മാറ്റമില്ലാതെ നിലനിന്ന വിനാശകരമായ ആചാരത്തെ എടുത്തുകാണിച്ചത് അവർക്കു ശല്യമായി തീർന്നിരിക്കാം!

ചിലപ്പോൾ നാം നന്മ ചെയ്യുമ്പോൾ പോലും പിശാച് നമുക്കു പ്രയാസം വരുത്തുമ്പോൾ നാം അതിശയിച്ചു പോകും. "നാം ആരെയും വേദനിപ്പിക്കുന്നില്ല!" നാം എതിർക്കും. പൗലോസ് പറഞ്ഞു "*ദൈവഭക്തിയോടെ* ജീവിക്കുന്നവർക്കെല്ലാം ഉപദ്രവമുണ്ടാകും'' (2 തിമൊഥെയൊസ് 3:12; എംഫസിസ്മൈൻ). യേശു "നന്മ ചെയ്തതല്ലാതെ [മറ്റൊന്നും] ചെയ്തിരുന്നില്ല'' (10:38), എന്നിട്ടും അവനെ ക്രൂശിച്ചു.

വീണ്ടും, ദൈവവചനം വിശ്വസിക്കയും പ്രസംഗിക്കയും ചെയ്യുന്നതുകൊണ്ട് പരിഹാസം ഏല്ക്കുമ്പോൾ അതിശയിക്കും.[13] അതിനെ സംശയിക്കരുത്: നാം ശരിയായി ജീവിക്കയും ദൈവവചനം പ്രസംഗിക്കയും ചെയ്യുമ്പോൾ, പിശാചിനു സഹിക്കയില്ല! നമ്മുടെ സാക്ഷ്യം ഇല്ലാതാക്കാൻ ഭേദഗതിയില്ലാതെ അവൻ പ്രവർത്തിക്കുന്നതു കാണാം. നോക്കിക്കോ!

പത്രൊസിനേയും യോഹന്നാനേയും, ''അവർ പിടിച്ചപ്പോൾ വൈകുന്നേരം ആയതുകൊണ്ടു[15] പിറ്റെന്നാൾ വരെ, തടവിലാക്കി."[14] ഒരു പക്ഷേ ചില നിയമപരമായ ആവശ്യങ്ങൾക്കായി പിറ്റേദിവസം വരെ സൂക്ഷിച്ചതാകാം;[16] അല്ലെങ്കിൽ ഈ കേസ് എങ്ങനെ കൈകാര്യം ചെയ്യണമെന്നു (അപ്പൊസ്തലന്മാർ ഒരു തെറ്റും ചെയ്തിട്ടില്ല) കൂടി ആലോചിക്കുന്നതിനാകാം; അല്ലെങ്കിൽ പത്രൊസിനേയും യോഹന്നാനേയും, തങ്ങളുടെ അധികാരത്തോട് എതിർത്താൽ ഇതായിരിക്കും ഫലമെന്ന് കാണിക്കാനായിരിക്കും. മോചിക്കുവാനല്ലാതെ തടവിലാക്കത്തക്കകാരണങ്ങൾ ഒന്നും പത്രൊസിലും യോഹന്നാനിലും ഉണ്ടായിരുന്നില്ല (വാക്യം 21), യേശുവിനെ ശിക്ഷെക്കു വിധിച്ചുകൊന്നവർക്കു ഇത്തരം "സാങ്കേതികത്വത്തെക്കുറിച്ച്" ഒരു വിചാരവുമില്ല.

### നിങ്ങളുടെ കൈകൾ കുടയരുത്[17] (4:4-6)

സാത്താൻ നമുക്കു പ്രയാസം വരുത്തി തുടങ്ങുമ്പോൾ, ന മ്മിൽ ചിലർ വല്ലാതെ നിരാശപ്പെടും: "നാം ചിലപ്പോൾ വിട്ടുപോയേക്കാം! കാരണം ഒന്നും ശരിയായി പോകുന്നില്ല!" ഇതു പരിഗണിക്കുക: പിശാചു നമ്മിൽ പ്രയാസം വരുത്തുന്നതു, നാം ഇങ്ങനെ പോയാൽ നാം മുഖാന്തരം, വലിയ കാര്യങ്ങൾ നടക്കും എന്നു അവനറിയാം എന്നതുകൊണ്ടാണ്! സുവിശേഷ പ്രസംഗം നടത്തിയതിനു എന്നെയാണ് പിടിച്ച് തടവിലാക്കിയതെങ്കിൽ, ഞാൻ വിചാരിക്കും സുവിശേഷവേല പരാജയമാണെന്ന്. എങ്കിലും പത്രൊസിന്റെ പ്രസംഗഫലം ശ്രദ്ധിക്കുക: "എന്നാൽ വചനം കേട്ടവരിൽ പലരും വിശ്വസിച്ചു; പുരുഷന്മാരുടെ എണ്ണം തന്നേ അയ്യായിരത്തോളം ആയി" (വാക്യം 4). പത്രൊസിനേയും

യോഹന്നാനേയും തടവിലാക്കുന്നതു കണ്ട ആളുകൾ, ക്രിസ്ത്യാനികളാകുന്നതിൽ നിന്നു പിന്തിരിഞ്ഞില്ല! സന്ദേശവാഹകരെ തടവിലാക്കിയെങ്കിലും, സന്ദേശത്തെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. സത്യസന്ധമായ ഹൃദയത്തിൽ വചനം ശക്തമായിരിക്കും (ലൂക്കോസ് 8:15; റോമർ 1:16).

4-ാം വാക്യത്തിലെ "വിശ്വസിച്ചു" എന്ന വാക്കുകൊണ്ട് അവർ യേശു മശിഹയാണെന്നു വെറുതെ വിശ്വസിച്ചു എന്നല്ല. "വിശ്വാസം" എന്നതിൽ ധാരാളം കാര്യങ്ങൾ ഉൾപ്പെടുന്നു എന്ന അർത്ഥത്തിൽ "ആശ്രയവും അനുസരണവും" ഉൾപ്പെടുന്നു.[18] പ്രവൃത്തികളുടെ പുസ്തകത്തിൽ ചുരുക്കം ചില പരിവർത്തനങ്ങളേ വിശദമായി വിവരിച്ചിട്ടുള്ളൂ;[19] മറ്റുള്ളവയുടെ ചുരുക്കം മാത്രമാണ് പറഞ്ഞിരിക്കുന്നത്, "ഉദാഹരണമായി കർത്താവിൽ വിശ്വസിച്ചു ... ചേർന്നുവന്നു" (5:14) അല്ലെങ്കിൽ "വലിയൊരു ... കൂട്ടം വിശ്വാസത്തിനു അധീനരായി തീർന്നു" (6:7). "ദൈവം മുഖപക്ഷം കാണിക്കുന്നവനല്ലായ്കയാൽ" (10:34), 4-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നവർ പെന്തെകൊസ്തു നാളിലേ പോലെ മാനസാന്തരപ്പെട്ട് സ്നാനപ്പെട്ടിരിക്കും. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഒരു പുസ്തകം കുറിക്കുന്നതു: "മിക്കവാറും അയ്യായിരത്തോളം യെഹൂദന്മാർ, നടന്ന അത്ഭുതസൗഖ്യം കാണുകയും, കേൾക്കുകയും ചെയ്തതുകൊണ്ട് അവർ പത്രൊസിന്റെ വെല്ലുവിളി സ്വീകരിച്ചു സഭയോടു ചേരുവാൻ സ്നാനമേറ്റു."[20] പത്രൊസ് പ്രവൃത്തി 3-ൽ പ്രസംഗിച്ചപ്പോൾ സ്നാനത്തെക്കുറിച്ചു പറഞ്ഞില്ലെങ്കിൽ,[21] അവർ സ്നാനത്തെ പറ്റി എങ്ങനെ അറിയും? ദിനമ്പ്രതി ആളുകൾ സ്നാനപ്പെട്ടുകൊണ്ടിരുന്നു (2:41, 47)! സ്നാനത്തിനു സാക്ഷ്യം വഹിക്കുന്ന ക്രിസ്ത്യാനികളുടെ കൂട്ടം അന്നാളിൽ യെരുശലേമിൽ ഒരു സാധാരണ കാഴ്ച്ച തന്നെയായിരുന്നു! ക്രിസ്ത്യാനിയായി തീരാൻ ആഗ്രഹിച്ച ആർക്കും നടപടികൾ അറിയാമായിരുന്നു.

4-ാം വാക്യത്തിൽ "പുരുഷന്മാർ" എന്നു തർജ്ജിമ ചെയ്തിരിക്കുന്നതു, സ്ത്രീകളെയും പുരുഷന്മാരെയും പൊതുവായി വാക്കായ *ആന്ത്രോപോസ്* എന്നല്ല.[22] മറിച്ച്, പ്രത്യേകമായി *ആനെർ* എന്ന ഗ്രീക്കു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് അവിടെ പറഞ്ഞ അയ്യായിരത്തോളം പുരുഷന്മാർ മാത്രമാണ്, മൊത്തം അവിടെ എത്ര പേർ ഉണ്ടായിരിക്കുമെന്ന് നമുക്ക് ഊഹിക്കാനേ സാധിക്കൂ.[23] ചുരുങ്ങിയത് പതിനായിരം പേർ ഉണ്ടായിരിക്കാം![24] എണ്ണയിൽ തീ പിടിച്ചാൽ വെള്ളമൊഴിച്ചാൽ ആളിക്കത്തും; അതുപോലെ സഭയെ ഉപദ്രവിക്കുന്ന സാത്താന്റെ ഓരോ പരിശ്രമവും ഫലത്തിൽ സഭയെ വളർത്തുകയായിരുന്നു!

എങ്കിലും, അപ്പൊസ്തലന്മാരെ പിടിച്ചു രാത്രി തടവിലാക്കിയതു അവരുടെ സാക്ഷ്യത്തെ തടയുവാനുള്ള പിശാചിന്റെ തുടക്കമായിരുന്നു. അടുത്ത ദിവസം, കാലത്തു ബലശാലി സംഘം അപ്പൊസ്തലന്മാർക്കെതിരെ നടപടി എടുക്കാൻ തുടങ്ങി:

പിറ്റെന്നാൾ, അവരുടെ പ്രമാണികളും മൂപ്പന്മാരും ശാസ്ത്രിമാരും

> യെരുശലേമിൽ ഒന്നിച്ചുകൂടി; മഹാപുരോഹിതനായ ഹന്നാവും, കയ്യ ഫാവും യോഹന്നാനും അലക്സെന്തർ മഹാപുരോഹിത വംശത്തി ലുള്ളവർ, ഒക്കെയും ഉണ്ടായിരുന്നു (വാക്യം 5, 6).

"ഭരണാധികാരികൾ" "മഹാപുരോഹിതന്മാരായിരുന്നു" (വാക്യം 23). "മൂപ്പന്മാർ" അദ്ധ്യക്ഷന്മാരായിരുന്നു, അവർ പ്രായവും പക്വതയും അറിവുമുള്ളവരായിരുന്നു. "ശാസ്ത്രിമാർ" ന്യായപ്രമാണത്തിൽ പ്രാഗത്ഭ്യമുള്ളവർ എന്നറിയപ്പെട്ടിരുന്നു.[25] ഈ മൂന്നു കൂട്ടം ആ ളുകൾ അടങ്ങുന്നതാണ് ന്യായാധിപസംഘം.[26] ന്യായാധിപസംഘം ആണ് യെഹൂദന്മാരുടെ സെനറ്റ് (5:21) സുപ്രീം കോർട്ടും.[27] ഗലീലയിൽനിന്നുള്ള രണ്ടു മീൻപിടുത്തക്കാരെ എന്തു ചെയ്യണമെന്ന ആലോചനയിലാണ് പാലസ്തീനിലെ ഈ വലിയ സംഘം!

സന്നിഹിതരായിരിക്കുന്നവരെ അനുസരിച്ചാണല്ലോ സാഹചര്യത്തിന്റെ വ്യാപ്തിയും. "ഹന്നാവു എന്ന മഹാപുരോഹിതൻ അവിടെയുണ്ട്." "മഹാപുരോഹിതൻ" എന്നതു ആദരിക്കത്തക്ക പദവിയാണ്.[28] മുമ്പിലത്തെ – മഹാപുരോഹിതനായിരുന്നു ഹന്നാവ്. ദീർഘവർഷത്തെ സേവനത്തിനുശേഷം, റോമാക്കാർ അവനെ സ്ഥാനഭ്രഷ്ടനാക്കിയിരിക്കാം. യെഹൂദന്മാരിൽ അധികവും അവനെ മഹാപുരോഹിതനായിത്തന്നെ കാണുന്നു, അതുകൊണ്ട്, പദവിക്കു പിന്നിൽ അവ ന്നു ശക്തിയുണ്ടായിരുന്നു.[29] അപ്പോഴത്തെ മഹാപുരോഹിതൻ കയ്യഫാവ് ഹന്നാവിന്റെ മരു – മകനായിരുന്നു (മത്തായി 26:57; യോഹന്നാൻ 18:13, 24). യോഹന്നാനും അലക്സാണ്ടറും ആരാണെന്നു നമുക്ക് അറിഞ്ഞുകൂടാ, പക്ഷെ സ്വാധീനമുള്ളവരും ലൂക്കോസിന്റെ വായനക്കാർക്കു സുപരിചിതരുമായിരുന്നു. അവർ ഒരുപക്ഷേ ഹന്നാവിന്റേയോ കയ്യാഫിന്റേയോ മക്കൾ ആയിരുന്നേക്കാം, എങ്കിൽ അവരും മഹാപുരോഹിത വംശത്തിലുള്ളവർ തന്നേ.[30] എങ്ങനെയായാലും, "മഹാ – പുരോഹിതന്മാരായിരുന്നു വന്നിരുന്നതു" എന്നു പറയാം. "*എല്ലാ*വരും മഹാ – പുരോഹിത വംശത്തിൽപ്പെട്ടവരായിരുന്നു"[31] ആരെങ്കിലും എന്തെങ്കിലും ആകാത്തവർ മാത്രം അന്നു യെരുശലേമിൽ വന്നിരുന്നില്ല!

പത്രൊസിന്റേയും യോഹന്നാന്റേയും, സ്ഥാനത്തു എന്നെയാണ് ഇത്തരം ബലശാലികളുടെ അടുക്കൽ എത്തിച്ചതെങ്കിൽ, സാഹചര്യത്തെ *ഞെരുക്കത്തോടെ* മാത്രമെ എനിക്കു കാണുവാൻ പറ്റു. പത്രൊസും യോഹന്നാനും അതിനെ *അവസരമായിട്ടാണ്* കണ്ടത്. ഉപദ്രവം വരുമെന്ന്, യേശു ശിഷ്യന്മാരെ ഓർമ്മിപ്പിച്ചുകൊണ്ടു പറഞ്ഞു, "ഇതു എല്ലാറ്റിനും മുമ്പേ എന്റെ നാമം നിമിത്തം അവർ നിങ്ങളുടെ മേൽ കൈവെച്ചു രാജാക്കന്മാരുടേയും നാടുവാഴികളുടേയും മുമ്പിൽ കൊണ്ടുപോയി ഉപദ്രവിക്കയും, പളളികളിലും തടവുകളിലും, ഏല്പിക്കയും ചെയ്യും. *അതു നിങ്ങൾക്ക് സാക്ഷ്യം പറവാൻ തരം ആകും*" (ലൂക്കൊസ് 21:12, 13; എംഫസിസ്മൈൻ). ന്യായാധിപസംഘത്തോടു പ്രസംഗിക്കാൻ ഇതല്ലാതെ വേറൊരവസരം ഏതുണ്ട്? അവർ ബന്ധിതരായി അവരുടെ മുമ്പിലേക്കു കൊണ്ടു പോയല്ലാതെ അതു സാദ്ധ്യമല്ല!

നാം പ്രവൃത്തികളുടെ പുസ്തകം വായിക്കുമ്പോൾ, ഒരു ക്രിസ്ത്യാനിയെ അകാരണമായി തടവിലേക്കു വലിച്ചിഴക്കുമ്പോൾ, അതിനെതിരെ പോരാടുന്നതിനു പകരം ആ അവസരം പ്രഘോഷിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതായി കാണാം!

സാത്താൻ നമുക്കു പ്രയാസങ്ങൾ വരുത്തുമ്പോൾ, നാം കൈകുടഞ്ഞു ഇറങ്ങിപോകാതെ നമ്മുടെ കണ്ണുകൾ തുറന്നാൽ, മുൻപു – കിട്ടിയിട്ടില്ലാത്ത അവസരം നമുക്കുകാണാൻ കഴിയും!

**പിശാചിന്റെ നിയമങ്ങളെ എടുക്കരുത് (4:7, 8)**

"പിറ്റെന്നാൾ" അവരുടെ പ്രമാണികളും മൂപ്പന്മാരും ശാസ്ത്രിമാരും "യെരുശലേമിൽ ഒന്നിച്ചു കൂടി എന്നാണ് 5-ാം വാക്യത്തിൽ പറയുന്നത്. [അപ്പൊസ്തലന്മാരെ] അവരുടെ മുമ്പിൽ കൊണ്ടു വന്നപ്പോൾ നടുവിൽ നിർത്തി, അവർ അവരോട്, 'ഏതു ശക്തികൊണ്ടോ, ഏതുനാമത്തിലോ, നിങ്ങൾ ഇതു ചെയ്തുഎന്നു ചോദിച്ചു?' " (വാക്യം 7). നിങ്ങളാണ് ആ അപ്പൊസ്തലന്മാരിൽ ഒരാൾ എന്നു ഊഹിക്കുക. ശത്രുത നിറഞ്ഞ മുഖഭാവത്തോടെ ളോഹ ധരിച്ച എഴുപത്തി – ഒന്ന് ന്യായാധിപന്മാരും[32] തുല്യവിരോധികളായ മറ്റുള്ളവരും അർദ്ധവൃത്താകൃതിയിൽ നിങ്ങൾക്കു ചുറ്റും ഇരിക്കുന്നു. നടുവിൽ നില്ക്കുന്ന, അപ്പൊസ്തലന്മാരിലും സൗഖ്യം പ്രാപിച്ച, മനുഷ്യനിലും ആണ് ശത്രുത.[33] ഓരോ വശത്തും ന്യായാധിപസഭയിലെ ഉദ്യോഗസ്ഥന്മാർ. മദ്ധ്യേ, ശത്രുത മൂന്നു പുരുഷന്മാരായ – നിങ്ങൾക്കെതിരെ, മറ്റു അപ്പൊസ്തലനും, സൊഖ്യം പ്രാപിച്ച പുരുഷനും.[34] സ്നേഹിതന്മാരായി ആരെങ്കിലും ഉണ്ടോ എന്നു നിങ്ങൾ തിരഞ്ഞു നോക്കും, ആരെയും – കാണുകയില്ല. പിന്നെ നിങ്ങൾ ഓർക്കും ഇതേ സംഘമാണല്ലൊ യേശുവിനെ ശിക്ഷെക്കു വിധിച്ചു കൊന്നതെന്ന്! അപ്പൊസ്തലന്മാരെ ഭീഷണിപ്പെടുത്തുവാൻ കരുതികൂട്ടിയ സാഹചര്യമായിരുന്നു. *ഞാൻ* ശരിക്കും ഭീഷണിക്കു വിധേയപ്പെട്ടിരിക്കും!

ഔപചാരികമായ രംഗം തുടങ്ങുന്നതോടെ, മുൻപു സംഭവിച്ചതിന്റെ ആവർത്തനമെന്നു നമുക്കുതോന്നും. കുറ്റങ്ങൾ വായിച്ചു കൊണ്ടാണ് ഔപചാരികവിചാരണതുടങ്ങുന്നത്. അടിസ്ഥാനരഹിതമായ, ചോദ്യം ചോദിക്കുന്നതിനു പകരം: " 'ഏതു ശക്തിയിലോ, എതു നാമത്തിലോ, നിങ്ങൾ ഇതു ചെയ്തു എന്നു ചോദിച്ചു?' "[35] "ഇതു" എന്തിനെയാണ് സൂചിപ്പിക്കുന്നത്: സൗഖ്യമാക്കിയതാണോ, പ്രസംഗിച്ചതാണോ, അല്ലെങ്കിൽ എന്താണ് തെറ്റ്? നിയമപരമായി അപ്പൊസ്തലന്മാരെ ശിക്ഷിക്കുവാൻ അവർക്കുകാരണം കണ്ടെത്താനായില്ല (വാക്യം 21), അവർ വിചാരിച്ചതു പത്രൊസും യോഹന്നാനും മുൻകരുതലില്ലാതെ ഉത്തരം പറയുന്നതു വെച്ചു അവരെ ശിക്ഷിക്കാമെന്നാണ്. എവിടെയാണ് ഇത്തരം നടപടികൾ നാം മുൻപു നേരിട്ടത്? യേശുവിന്റെ "വിചാരണയിൽ"! (ലൂക്കൊസ് 22:66–71). പത്രോസിന്റേയും യോഹന്നാന്റേയും "വിചാരണയിൽ," അതേ മുഖങ്ങൾ, അതേ അഭിമാനം, അതേ കാപട്യം, അതേ ചോദ്യം ചെയ്യൽ! അപ്പൊസ്തലന്മാരുടെ സ്വാധീനം ഇല്ലാതാക്കാൻ ഒരു വൈക്കോൽ തുരുമ്പെങ്കിലും നോക്കുകയായിരുന്നു

യെഹൂദപ്രമാണിമാർ![36]

ചോദ്യം കഴമ്പില്ലാത്തതാണെങ്കിലും, അതിൽ ശക്തമായ മൂന്നു കെണികൾ അടങ്ങിയിട്ടുണ്ട്. അവർ ആദ്യം ചോദിച്ചതു, "ഏതു *ശക്തിയാൽ*, ... നിങ്ങൾ ഇതു ചെയ്യുന്നു?" "അത്ഭുതങ്ങൾ"[37] എന്ന ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതാണ് "ശക്തി" എന്നത് അതിനെ "അത്ഭുത ശക്തി" എന്നും തർജ്ജിമ ചെയ്യാം. മോശെയുടെ ന്യായപ്രമാണം അനുസരിച്ചു, മന്ത്രവാദം തീവ്രമായ അതിക്രമമാണ് അപ്പൊസ്തലന്മാർ മന്ത്രവാദം പരിശീലിക്കുന്നതായി സൂചനകിട്ടിയാൽ, അവരെ മരണത്തിനു ഏല്പിക്കാം.

അടുത്തതു, ന്യായാധിപസംഘം ചോദിച്ചു, "ഏതു *നാമത്തിലാണ്* നിങ്ങൾ ഇതു ചെയ്തത്?" "നാമം" എന്നതു "അധികാരം" എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു.[38] യേശുവിനെ ക്രൂശിൽ തറെക്കുന്നതിനു കുറച്ചു ദിവസം മുൻപ്, ഇതേ ആളുകൾ "എന്തധികാരം കൊണ്ട് നീ ഇതു ചെയ്യുന്നു, എന്നു ചോദിച്ചു?" (മത്തായി 21:23). ഇപ്പോൾ അവർ അപ്പൊസ്തലന്മാരോട് അതേ ചോദ്യം ചോദിച്ചിരിക്കുന്നു. ഈ രണ്ടു സംഭവത്തിലും, അവർ അർത്ഥമാക്കിയതു, "*ഞങ്ങൾ* ആണ് അധികാരികൾ. പിന്നെ *നിങ്ങൾക്കു* ചെയ്യുവാൻ എന്തധികാരം!" അപ്പൊസ്തലന്മാർ നിയമരഹിതമായ അധികാരത്തെ എടുത്തുകാണിക്കും എന്നാണവർ വിചാരിച്ചത്.

ഏറ്റവും നിഗൂഢത നിറഞ്ഞതായിരുന്നു - മൂന്നാമത്തെ കെണി ഏറ്റവും മരണകരവുമായിരുന്നു. ഇംഗ്ലീഷ് തർജ്ജിമയിൽ അതു നഷ്ടമായേക്കാം. മൂലഭാഷയിൽ, "നിങ്ങൾ" എന്നതു വാചകത്തിന്റെ അവസാനമാണ് ഊന്നൽ ലഭിക്കേണ്ടതിനു വെച്ചിരിക്കുന്നത്: "എന്തു ശക്തിയാൽ, ഏതു നാമത്തിൽ, ഇതു *നിങ്ങൾ* ചെയ്യുന്നു?" മറ്റൊരർത്ഥത്തിൽ, "ഞങ്ങളെ നോക്കുക എന്നിട്ടു നിങ്ങളെ നോക്കുക എന്നർത്ഥം. ഞങ്ങളോടു വെല്ലുവിളി ഉയർത്തി അധികാരത്തിനെതിരായി പ്രവർത്തിക്കാൻ *നിങ്ങളാര്?*" അപ്പൊസ്തലന്മാരെ "വിദ്യാഭ്യാസരഹിതരും പരിശീലനമില്ലാത്തവരുമായിട്ടാണ് അവർ കണക്കാക്കിയിരുന്നത്" (വാക്യം 13). പത്രൊസിനേയും യോഹന്നാനേയും ചോദ്യം ചെയ്യലിൽ പരിഹാസം നിറഞ്ഞിരുന്നു. അവരുടെ ചോദ്യങ്ങളും ചോദ്യം ചെയ്യുന്ന രീതികളും അപ്പൊസ്തലന്മാരെ പ്രകോപിപ്പിക്കുന്ന വിധത്തിലായിരുന്നു. പ്രമാണിമാർ സദൃശവാകുത്തെ അർത്ഥവത്താക്കുന്നു. "വാക്കു പെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല" (സദൃശവാക്യങ്ങൾ 10:19).

സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ, അവന്റെ നിയമം കൊണ്ടാണ് നിങ്ങളിൽ അവൻ കളിക്കുന്നത് ദയവോടെ അതങ്ങനെ പ്രതികരിക്കാൻ അവൻ ആഗ്രഹിക്കുന്നു; അവൻ നിങ്ങളെക്കൊണ്ടു തിന്മക്കു പകരം തിന്മ ചെയ്യിക്കും. അവന്റെ നിയമം നിങ്ങളിൽ ചെലുത്തുവാൻ കഴിഞ്ഞാൽ, പിശാച് മത്സരത്തിൽ ജയിച്ചു എന്നർത്ഥം!

ഞാനായിരുന്നു അവിടെയെങ്കിൽ, എന്റെ വികാരമാണ് തകർക്കപ്പെട്ടു പരുക്കേറ്റതെങ്കിൽ, ഞാൻ ഒരുപക്ഷേ ന്യായാധിപസംഘത്തിലെ പാവയായി എന്റെ നാവിനെ കോപത്തിനു വിധേയമാക്കുമായിരുന്നു.

എന്നാൽ, പത്രൊസ്, പ്രതികരിച്ചതു ശ്രദ്ധിക്കുക: "പിന്നീട് പത്രൊസ്, ... പറഞ്ഞു, 'ജനത്തിന്റെ പ്രമാണികളും മൂപ്പന്മാരുമായുള്ളോരേ" എന്നാണ്, ...'" (വാക്യം 8). "പ്രമാണികളും മൂപ്പന്മാരുമായുള്ളോരേ" ആ കൂട്ടത്തെ *ബഹുമാനപുരസരം* സംബോധന ചെയ്യുന്ന രീതിയാണത്. ഒരു എഴുത്തുകാരൻ പരാവർത്തനം ചെയ്തിരിക്കുന്നതു, "ബഹുമാനപ്പെട്ട പ്രമാണികളും ജനത്തിന്റെ മൂപ്പന്മാരുമായുള്ളോരേ എന്നാണ്."[39] പത്രോസിന്റെ പ്രതിരോധം, മര്യാദപൂർവ്വമായിരുന്നു! "ആത്മാവിന്റെ വചനം ഹൃദയത്തെ ഉപ്പുതേക്കാതെ ആഴത്തിൽ ഇറങ്ങിച്ചെല്ലുക."[40] നാം എല്ലാവരോടും മര്യാദയായി ഇരിക്കണം, *അവർ* അങ്ങനെ ആയതുകൊണ്ടല്ല, എന്നാൽ *നാം* ആകേണ്ടതുപോലെ ആകേണ്ടതിനാണ് ശ്രമിക്കേണ്ടത്!

അടുത്തപ്രാവശ്യം സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ, നിങ്ങൾ ഒരുപക്ഷേ പരീക്ഷിക്കപ്പെട്ടു എതിരാളിയെപോലെ ഹീനവും വെറുപ്പുമുള്ളവനായേക്കാം. എന്നാൽ, യേശു, പറഞ്ഞതു അടുത്ത ചെകിട് കാണിച്ചുകൊടുക്കാനാണ് (മത്തായി 5:39). പിശാചു തന്റെ നിയമങ്ങളാൽ നമ്മെ സൂത്രത്തിൽ കുടുക്കുവാൻ അനുവദിക്കരുത്!

**ഉപസംഹാരം**

"സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ" എന്നവിഷയം നാം അടുത്ത പാഠത്തിൽ, തുടരും. ഇപ്പോൾ, എന്നാൽ, നമുക്കു എല്ലാവർക്കും അല്പം നിന്നു ഒരു സ്വയപരിശോധന നടത്താം: "എനിക്കു പിശാച് എപ്പോഴെങ്കിലും വിഷമസന്ധി വരുത്തിയിട്ടുണ്ടോ? എങ്കിൽ, ഞാൻ അതിനെ നേരിട്ടോ?" നിങ്ങളുടെ ഉത്തരം എന്തായാലും, *അടുത്ത* പ്രാവശ്യം സാത്താൻ നിങ്ങൾക്കു വിഷമം വരുത്തുമ്പോൾ, നിങ്ങൾ അതിനെ ദൈവസഹായത്തോടെ നേരിടേണ്ട രീതിയിൽ നേരിടുക.

## പ്രസംഗ ക്കുറിപ്പുകൾ

"ദി ഫസ്റ്റ് ഒപ്പോസിഷൻ" എന്ന പേരിൽ റിച്ചാർഡ് റോജേഴ്സ് 4:1–31 വരെയുള്ള, ഭാഗങ്ങളെക്കുറിച്ച് ഒരു പ്രസംഗം തയ്യാറാക്കിയിട്ടുണ്ട്.[41] അതിനു നാലു മുഖ്യപോയിന്റുകളാണുള്ളത്: എതിർപ്പ് പ്രദർശിപ്പിച്ചു (4:1–7), എതിർപ്പുനേരിട്ടു (4:8–12), എതിർപ്പ് പൊരുത്തമില്ലാതായി (4:13–22), എതിർപ്പ് കുറഞ്ഞു (4:23–31).

കുറിപ്പുകൾ

[1]യേശു ക്രൂശിൽ മരിച്ചതിനാൽ സാത്താൻ പരിമിതിയുള്ളവനായി തീർന്നു (വെളിപ്പാട് 12:11). അവനോ അവന്റെ ഭൂതങ്ങളോ പുതിയ നിയമ കാലയളവിൽ ചെയ്തതു പോലെ ആളുകളുടെ ഇഷ്ടത്തിനു വിപരീതമായി ഇന്നു

പ്രവർത്തിക്കാൻ സാദ്ധ്യമല്ല, എന്നാൽ അവനു ശക്തിയില്ലെന്നോ അവർ ഇന്നു പ്രവർത്തിക്കുന്നില്ലെന്നോ വിചാരിക്കരുത്? [2]മശിഹാ സങ്കീർത്തനം കാരണം നമുക്കറിയാം, അവനെ വിശദമാക്കാൻ വെളിപ്പാട് 12:5–ൽ, സങ്കീർത്തനങ്ങൾ 2 ഉപയോഗിച്ചിരിക്കയാണ്. [3]പ്രവൃത്തികളുടെ പുസ്കത്തിൽ, പിശാചിനെ കുറിച്ചു പറയുന്ന ചില ഭാഗങ്ങൾ ഉണ്ട്. 5:3; 13:10; 26:18. [4]യേശുവിന്റെ *നാമത്തിന്റെ* ഊന്നൽ ശ്രദ്ധിക്കുക – നമ്മുടെ ഈ പാഠത്തിലും ആ ഊന്നൽ തുടരും. [5]ലൂക്കൊസ് 21:12 –17 വരെയുള്ള വാകൃങ്ങളും; മത്തായി 10:17, 18; യോഹന്നാൻ 15:18–16:4 എന്നീ വാകൃങ്ങളെല്ലാം നോക്കുക. [6]3–ാം വാകൃത്തിലെ, പദപ്രയോഗം ടുവെന്റിയത്ത് സെഞ്ചറി ന്യൂടെസ്റ്റമെന്റിൽ അങ്ങനെ പറയുന്നു. ബ്രൂസും തന്റെ തർജ്ജിമയിലും വ്യാഖ്യാനത്തിലും പറയുന്നതും അതാണ് (എഫ്. എഫ്. ബ്രൂസ്, *ദി ബുക്ക് ഓഫ് ആക്ട്സ്*, ദി ന്യൂ കമെന്ററി ഓൺ ന്യൂടെസ്റ്റമെന്റ്, rev. ed. [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം.ബി. എർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1989], 89). [7]പുതിയ നിയമകാലയളവിൽ, അനേകം പുരോഹിതന്മാർ ഉണ്ടായിരുന്നു. അവരെല്ലാവരും ഒരേ സമയത്തു പുരോഹിതജോലി ചെയ്യാതിരുന്നില്ല. അവരെ ഇരുപത്തിനാലു – ഭാഗങ്ങളായി വിഭജിച്ചിരുന്നു, അവരിൽ ഓരോ ഗ്രൂപ്പുംഓരോ ആഴ്ചയിൽ ദൈവാലയത്തിൽ പൗരോഹിത്യ ശുശ്രൂഷചെയ്തിരുന്നു (ലൂക്കൊസ് 1:8 നോക്കുക). നിരന്തരമായി അതു നടക്കേണ്ടതിനു, ചില പുരോഹിതന്മാരെ ദൈവാലയത്തിലെ ഓരോ ആരാധനാകാര്യവും മേൽ നോട്ടം നടത്തുവാൻ നിയമിച്ചിരുന്നു. ഇവർക്കു സാധാരണ പുരോഹിതന്മാരേക്കാൾ "അധികാരമുണ്ടായിരുന്നു"; അതുകൊണ്ടു അവരെ "മഹാപുരോഹിതന്മാർ" എന്നു വിളിക്കുന്നു. ഈ നിയമനങ്ങളിൽ രാഷ്ട്രീയം കടന്നു വന്നിരുന്നു. [8]ദാവിദ് ദൈവാലയത്തിനു ഒരുക്കം നടത്തിയപ്പോൾ, അവൻ ചില ലേവ്യരെ വാതിൽ "കാവൽക്കാരായി" നിയമിച്ചു (1 ദിനവൃത്താന്തം 26:1–19). ഇതിനർത്ഥം അവർ വെറുതെ വാതിൽ തുറക്കുവാനും അടക്കുവാനുമുള്ളവർ എന്നർത്ഥമാക്കരുത്. മറിച്ച്, അവർ ദൈവാലയം "കാക്കേണ്ടവരായിരുന്നു"; ശാന്തവും ഭക്തിനിർഭരവുമായ അന്തരീക്ഷം അവർ സൂക്ഷിക്കണമായിരുന്നു. "പടനായകൻ" ഈ "കാവൽക്കാരുടെ" മുകളിൽ ഉള്ള പുരോഹിതനായിരുന്നു. പകൽ സമയത്തു എല്ലാം ക്രമമാക്കുകയും രാത്രിയിൽ കാവൽക്കാരെ ആക്കുന്നതും നായകന്റെ ജോലിയിൽ പെടും. ലൂക്കൊസ് 22:4, 52 വിളിച്ചിരുന്നത് "ദൈവാലയത്തിലെ പടനായകൻ [ബഹുവചനം]" (KJV; ലൂക്കോസ് 22:4, 52 ലിലും പ്രവൃത്തി 4:1 ലും ഒരേ ഗ്രീക്കു വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്), ഇതു സൂചിപ്പിക്കുന്നതു അവർ മാറിമാറി ജോലി നോക്കുകയോ, ദൈവാലയത്തിലെ മറ്റു ജോലികൾ മാറിനോക്കുകയോ ചെയ്തിരിക്കാമെന്നാണ്. വീണ്ടും, ഈ നിയമനങ്ങളിൽ എല്ലാം രാഷ്ട്രീയം ഉൾപ്പെട്ടിരുന്നു. ദൈവാലയം രാഷ്ട്രീയ അഴിമതിയുടെ കൂത്തരങ്ങായി. [9]നിഘണ്ടുവിൽ "സദൃൂക്യർ" എന്ന വാക്ക് നോക്കുക. പരീശന്മാരല്ല, സദൃൂക്യരാണ്, ആരംഭത്തിൽ ശിഷ്യന്മാരെ എതിർത്തതു എന്നതു അതിശയിപ്പിക്കുന്നു. യേശുവിന്റെ ഏതിരാളികൾ അധികവും പരീശന്മാരായിരുന്നു, സദൃൂക്യരായിരുന്നില്ല – അപ്പൊസ്തലന്മാരുടെ പ്രാരംഭപ്രസംഗങ്ങൾ ഊന്നിയതു ഉയിർത്തെഴുന്നേൽപ്പിന്മേൽ ആയിരുന്നതിനാലും പരീശന്മാർ മരിച്ചവരുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നതിനാലും സദൃൂക്യർ – അതു വിശ്വസിക്കാതിരുന്നതിനാലുമാണങ്ങനെ സംഭവിച്ചത് (23:6–8). [10]യേശുനേരിട്ട അതേ ഭീഷണി അപ്പൊസ്തലന്മാരും നേരിട്ടു (യോഹന്നാൻ 11:45–53).

[11]അപ്പൊസ്തലന്മാർ യേശു*വിന്റെ* ഉയിർത്തെഴുന്നേല്പ് പ്രത്യേകമായി


എടുത്തു പറഞ്ഞതുകൊണ്ട്, അവരുടെ വാക്കുകൾ വ്യക്തിപരമായിരുന്നു: “ദൈവം അവനെ മരിച്ചവരിൽ നിന്നുയർപ്പിച്ചു” (3:15). വ്യക്തിപരമല്ലാത്തതും പൊതുവായതുമായ വാക്കുകൾ വ്യക്തിപരമായിരുന്നു. ദൈവം അവനെ “മരിച്ചവരിൽ നിന്നു ഉയിർപ്പിച്ച്” എന്ന പ്രയോഗം അനവധി വ്യാഖ്യാതാക്കളും തർജ്ജിമക്കാരും പറയുന്നതു അപ്പൊസ്തലന്മാർ വ്യക്തിപരമായ യേശുവിന്റെ ഉയർപ്പിൽ നിന്നു പൊതുവിൽ എല്ലാവർക്കും വാഗ്ദാനം ചെയ്ത ശാരീരിക ഉയിർത്തെഴുന്നേല്പിലേക്കു കടന്നു എന്നാണ് (1 കൊരിന്ത്യർ 15:20–29). ദി ന്യൂസെഞ്ചുറി വെർഷൻ പറയുന്നതു “ആളുകൾ യേശുവിന്റെ ശക്തിയാൽ മരിച്ചവരിൽ നിന്നുയർത്തെഴുന്നേല്ക്കും എന്നു പ്രസംഗിച്ചു എന്നാണ്.” “യേശുവിന്റെ സംഗതി ഉദ്ധരിച്ചുകൊണ്ട് മരിച്ചവർക്കുള്ള പുനരുത്ഥാന ഉപദേശത്തെ അവർ തെളിയിച്ചു കൊണ്ടിരുന്നു എന്നാണ്” സി എച്ച് റീ യുസിന്റെ തർജ്ജിമ പറയുന്നത്. [12]യേശു മരിക്കുന്നതിനു കുറച്ചു ദിവസങ്ങൾക്കു മുൻപു ഈ വിഷയവുമായി അവർ യേശുവിനെ എതിരിട്ടിരുന്നു (മത്തായി 22:23–33). [13]അമേരിക്കയിൽ താമസിക്കുന്ന നാം “ബൈബിൾ ബെൽട്ട്” ജീവിതമാണ് നയിക്കുന്നത്. ദൈവവചനത്തെ പരിഹസിക്കുന്നതു ഒരിക്കലും കേൾക്കൊള്ളാത്തവരുണ്ട്. എങ്ങനെയായാലും, ഇതു ലോകം മുഴുവനുമുള്ള നിയമത്തിൽ നിന്നും ഒഴിച്ചു നിർത്താവുന്നതാണ്. [14]ഇതൊരുപക്ഷേ ദൈവാലയത്തിലെ ഒരു മുറിയായിരിക്കാം. [15]ഉച്ചകഴിഞ്ഞു മൂന്നു മണിക്കു മുൻപു പത്രൊസിന്റെ പ്രസംഗം ആരംഭിച്ചു. ഏതാണ്ട് (വൈകുന്നേരം ആറുമണിയായപ്പോഴേക്കും) തടസ്സപ്പെട്ടു. പ്രവൃത്തികളുടെ പുസ്തകത്തിൽ പ്രസംഗങ്ങളുടെ ചുരുക്കമാണ് ലൂക്കൊസ് നല്കിയതെന്നതിന്റെ മറ്റൊരു തെളിവാണിത്. [16]യിരെമ്യാവ് 21:12 പറയുന്നു “ഓരോ പ്രഭാതത്തിലും” ന്യായം നടപ്പാക്കേണ്ടിയിരിക്കുന്നു. ജീവനും – മരണവും തമ്മിലുള്ള ഒന്നും രാത്രിയിൽ നടപ്പിലാക്കരുത് എന്ന ഒരു നിയമാവലി യെഹൂദന്മാർക്കിടയിലുണ്ടായിരുന്നു – എന്നാൽ യേശുവിന്റെ കാര്യത്തിൽ അതു നോക്കിയില്ല (അവരുടെ ഉദ്ദേശങ്ങൾക്കു യോജിച്ച രീതിയിലാണ് നിയമാവലികൾ നടപ്പാക്കിയിരുന്നതു). [17]“കൈകുടയുക” എന്നാൽ “പോകാൻ തയ്യാറാകുക” എന്നർത്ഥം. [18]അനേക സംഗതികൾ ഉൾപ്പെടുന്ന അർത്ഥത്തിൽ “വിശ്വാസം” ഉപയോഗിക്കുമ്പോൾ, അതിനെ “അനുസരണയോടുകൂടി” മാറി മാറി ഉപയോഗിക്കുന്നതാണ്. ഉദാഹരണത്തിനു, യോഹന്നാൻ 3:36 വായിക്കുന്നതു, “പുത്രനിൽ *വിശ്വസിക്കുന്നവനു* നിത്യജീവനുണ്ട്; പുത്രനെ *അനുസരി*ക്കാത്തവനോ ജീവനെ കാണുകയില്ല, ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു എന്നാണ്” (എംഫസിസ്മൈൻ). KJV ഇതു സൂചിപ്പിക്കുന്നില്ലെങ്കിലും, ഇവിടെ രണ്ടു വ്യത്യസ്ത ഗ്രീക്കു വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. [19]ഞാൻ ഇവയെ “ബന്ധിപ്പിക്കുന്ന പരിവർത്തനങ്ങൾ” എന്നാണ് വിളിക്കുന്നത്. ഇതിനെക്കുറിച്ചു ഞാൻ കൂടുതലായി പിന്നെ പറയാം. [20]ബർണാഡ്. ആർ. യങ്ങ്മാൻ, *സ്പ്രെഡിങ് ദി ഗോസ്പെൽ* (ലണ്ടൻ: ഹൾട്ടൻ എഡ്യൂക്കേഷണൽ പബ്ളിക്കേഷൻസ്, 1968), 18.

[21]പാഠത്തിന്റെ ചുരുക്കമായ ഭാഷ്യം മാത്രം നമുക്കുള്ളതിനാൽ, പത്രൊസ് അവരോടു സ്നാനപ്പെടുവാൻ പറഞ്ഞിരിക്കാൻ സാദ്ധ്യതയുണ്ട്, എന്നാൽ രേഖപ്പെടുത്തിയ പ്രസംഗമനുസരിച്ച്, അവൻ പറഞ്ഞിട്ടില്ല. [22]മറ്റൊരു വാക്കിൽ, *ആന്ത്രോപോസ്* എന്നതിനു ‘‘മാൻകൈന്റ്’’ എന്നും അർ ത്ഥം വരാം. [23]പത്രൊസിന്റെ ആദ്യ പ്രസംഗത്തിൽ മൂവായിരം പേരിൽ പുരുഷന്മാർ മാത്രമേ പറയുന്നുള്ളൂ, വർദ്ധനവു ഒരു പക്ഷേ രണ്ടായിരത്തിലധികമാകാം. പത്രൊസിന്റെ രേഖപ്പെടുത്തിയ രണ്ടാമത്തെ പ്രസംഗ ഫലമായി കൃത്യമായി എത്രപേർ

സ്നാനപ്പെട്ടു എന്നു പറയാൻ സാധ്യമല്ല. എന്നാൽ യെഹൂദ പ്രമാണിമാരുടെ ഈ പ്ര വൃത്തികൾ എല്ലാം ഉണ്ടായിരുന്നിട്ടും, പത്രൊസിന്റെ പ്രസംഗത്തിന്റെ ഫലം ശക്തമായിരുന്നു എന്നാണ് – ലൂക്കൊസിന്റെ പ്രസ്താവന തെളിയിക്കുന്നത്. അതുകൊണ്ട് *അനേകർ* ക്രിസ്ത്യാനികളായി തീർന്നു. അതിൽ നാം തൃപ്തരാകണം. [24]ഇന്നു, പല സഭകളിലും, പുരുഷന്മാരേക്കാൾ സ്ത്രീകളാണ്, എന്നതുകൊണ്ട്, നാം കണക്കു കൂട്ടി മൊത്തം 15,000 ത്തിനും – 20,000 ത്തിനും ഇടയ്ക്കു വരുമെന്നു ഊഹിച്ചേക്കാം. ഇത്, എങ്ങനെയായാലും, പ്രാരംഭ സഭാ ചരിത്രത്തിൽ നടന്നതാണ്, പൂർണ്ണ പുരുഷമേധാവിത്വം മാറുവാൻ ആയിരക്കണക്കിനു വർഷങ്ങൾ വേണ്ടി വന്നു. പല ഭർത്താക്കന്മാർക്കു മുൻപു ഭാര്യമാർ ക്രിസ്ത്യാനികളായി തീരു ന്നുണ്ട്. കുറച്ചു കഴിഞ്ഞപ്പോൾ സ്ഥിതി മാറി. (1 പത്രൊസ് 3:1, 2). [25]"ശാസ്ത്രിമാരെ," NIV പറയുന്നതു "ന്യായപ്രമാണം ഉപദേഷ്ടാക്കൾ" എന്നാണ്. [26]"കൗൺസിൽ" എന്നതു ഗ്രീക്കു വാക്കു 4:15-ൽ തർജ്ജിമ ചെയ്തതാണ് *സാൻഹെദ്രൻ* എന്നതു; NIV യിൽ തർജ്ജിമ ചെയ്തിരിക്കുന്നതാണ്. നിഘണ്ടുവിൽ "സാൻഹെദ്രൻ" എന്ന വാക്കു നോക്കുക. [27]അമേരിക്കൻ, കോർട്ടും സുപ്രീം കോർട്ടും ഗവൺമെന്റിന്റെ നീതി നിർവ്വഹണവും ഭരണ സംവിധാനവുമായ ഘടകങ്ങളുടെ ഭാഗമാണ്. നിങ്ങളുടെ രാജ്യത്തിൽ എന്താണോ അതുപയോഗിക്കുക. [28]ഇതു ഔദ്യോഗിക പദവിയിൽ നിന്നും വിരമിച്ച ശേഷവും "പ്രസിഡ ന്റ്" എന്നു വിളിക്കുന്നതു പോലെയും മിലിറ്ററിയിൽ നിന്നു വിരമിച്ച ശേഷവും മേജർ എന്നു വിളിക്കുന്നതു പോലെയുമാണ്. [29]ലൂക്കൊസ് 3:2 ശ്രദ്ധിക്കുക. ഈ മനുഷ്യൻ ചെലുത്തിയ ശക്തി യേശുവിനെ തടവിലാക്കിയപ്പോൾ കാണുന്നുണ്ട്, "യേശുവിനെ പിടിച്ചു ഒന്നാമതു ഹന്നാവിന്റെ അടുക്കൽ കൊണ്ടുപോയി" (യോഹന്നാൻ 18:13). [30]"യോഹന്നാനു" പകരം, പുതിയ കയ്യെഴുത്തു പ്രതികളിൽ "ജോനാഥൻ" എന്നാണ്. ഹന്നാവിന്റെ മകനായ, ജോനാഥൻ, പിന്നീട് മഹാപുരോഹിതനായി സേവനം അനുഷ്ടിച്ചു.

[31]അപ്പൊസ്തലന്മാരുടെ കാലത്തു, യെഹൂദന്മാരിൽ അധികാര മാന ദണ്ഡത്തിന്മേലായി. മഹാപുരോഹിതന്മാർ വന്നും പോയും ഇരുന്നു. അപ്പോഴും മഹാ പുരോഹിതന്മാരിൽ അധികം പേരുടേയും പിൻഗാമി കുറച്ചു മാത്രം വന്നു. ഈ ശക്തരായ സ്വാധീനമുളള കുടുംബങ്ങൾ; മഹാപുരോഹിതന്മാരുടെ "പിൻതുടർച്ചാവ കാശികളായി തീർന്നു." [32]പാരമ്പര്യമായി, സാൻഹെദ്രൻ എഴുപതു അംഗങ്ങളും, മഹാപുരോഹിതനും ഉൾപ്പെട്ട സംഘമാണ്. [33]"എല്ലാ" മഹാപുരോഹിത കുടുംബങ്ങളിൽ നിന്നും ഉളളവർ ഉണ്ടായിരുന്നു എന്നോർക്കുക. കൂടാതെ, ചുറ്റും മറ്റു ന്യായാധിപന്മാരും, മറ്റു യുവാക്കളായ, "ഉപദേശക സമിതിയും ഉണ്ടായിരുന്നു.'' ഇവർ, ഫലത്തിൽ, ''ന്യായാധിപ പരിശീലനത്തിലുളളവ രാണ്." [34]വാക്യം 14. ഒരു പക്ഷെ അവനോടു കോടതിയിൽ വരാൻ കല്പിച്ചിരിക്കാം, പക്ഷെ ഇതിനു സാദ്ധ്യത കുറവാണ്. ഒരുപക്ഷെ ആർക്കും വരാമായിരുന്ന പരസ്യവിചാരണ ആയിരുന്നേക്കാം. അവൻ വന്നതു അവനെ സൗഖ്യമാക്കിയവരുമൊ ത്തായിരുന്നു, രഹസ്യ വിചാരണക്കായി അവനെ നിർബ്ബന്ധിച്ചിരിക്കാം. അതൊന്നും പറയേണ്ട ആവശ്യമില്ലെന്നു ലൂക്കോസിനു തോന്നി. മുഖ്യമായ കാര്യം അവൻ അവിടെ ഉണ്ടായിരുന്നു എന്നതാണ് – അതു കോടതിയ്ക്കു പ്രയാസം വരുത്തി (വാക്യം 14). [35]''മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റ യേശുവിനെ അവർ പ്രഖ്യാപിച്ചു കൊണ്ട് ... സാദൂക്യർക്കു വിഷമം നേരിട്ടു'' (വാക്യം 1, 2), എന്നാൽ പത്രൊസും യോഹന്നാനും ദുരുപദേശമാണ് നടത്തിയതെന്നു പറയാൻ അവർക്കു കഴിഞ്ഞില്ല, *പരീശന്മാർ*

ശാരീരിക ഉയർത്തെഴുന്നേൽപ്പിൽ വിശ്വസിച്ചിരുന്നു – ന്യായാധിപസഭ യിൽ ശക്തരായ ചില പരീശന്മാരും ഉണ്ടായിരുന്നു (5:34). [36]അവസാന രണ്ടു വരികൾ റിച്ചാർഡ് റോജേഴ്സിൽ നിന്നും കടമെടു ത്തതാണ്, “ദി ഫസ്റ്റ് ഓപ്പോസിഷൻ,” സെർമൺ പ്രീച്ച്ഡ് അറ്റ് ദി സൺസെറ്റ് ചർച്ച് ഓഫ് ക്രൈസ്റ്റ്, ലബോക്ക്, ടെക്സാസ്, n.d. [37]പ്രവൃത്തി 2:22 ലെ കുറിപ്പുകൾ “മിറക്കിൾ” എന്ന വാക്കിനെ വിശദീകരിച്ചതു നോക്കുക. [38]ഇതു ഇങ്ങനെ തന്നെ അനവധി തർജ്ജിമക്കാർ ചെയ്തു, അക്കൂട്ടത്തിൽ ജെയിംസ് മൊഫാറ്റ്, ചാൾസ് ബി വില്ല്യംസ്, സി.എച്ച്. റെയുവും, എഡ്ഗർ.ജെ ഗുഡ്സ്പീഡും പെടും.




**ദൈവാലയചിത്രം**